ഉത്തരം

(എ&ബി) പട്ടികജാതി വികസന വകുപ്പിൽ നിന്നാണ് ഇത്തരം ധനസഹായങ്ങൾ അനുവദിക്കുന്നത്.

**മത്സ്യത്തൊഴിലാളികളുടെ വീടുകൾക്ക് നമ്പർ നൽകുന്നതിന് നടപടി**

**101 (3055)** ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അനുവദിച്ച വീടുകൾ പഞ്ചായത്തുകൾ നിയമപരമായി അംഗീകരിച്ച് നമ്പരിടാത്തതിന്റെ ഫലമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും ബാങ്കുകളിൽ നിന്ന് അടിയന്തിര ഘട്ടങ്ങളിൽ ലോണെടുക്കുന്നതിനും സാധിക്കാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ പ്രതിസന്ധി പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) വടകര മണ്ഡലത്തിൽ കടലിൽ നിന്ന് ഒരേദൂരം പാലിച്ച് പണികഴിപ്പിച്ച മുനിസിപ്പാലിറ്റിയിലെ വീടുകൾക്ക് നമ്പർ ലഭിക്കുകയും ചോറോട്, അഴിയൂർ എന്നീ പഞ്ചായത്തുകളിലെ ചില വീടുകൾക്ക് നമ്പർ ലഭിക്കാതിരിക്കുകയും ചെയ്യുന്നതിന്റെ വൈരുദ്ധ്യംമൂലം വളരെക്കാലമായി മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് അടിയന്തിര പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ;

(സി) വൈദ്യുതി കണക്ഷൻ ബാങ്ക് വായ്പ ഇവ ലഭിക്കുന്നതിന് എന്തെങ്കിലും താൽക്കാലിക നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ ഉള്ള പഞ്ചായത്ത്/ മുനിസിപ്പാലിറ്റികളിൽ പ്രസ്തുത നിയമങ്ങൾക്കനുസൃതമായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കും നമ്പർ നൽകുന്നുണ്ട്. അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് നികുതി പിരിക്കുന്നതിനായി അവ പൊളിച്ചുമാറ്റുന്നതുവരെ താൽക്കാലിക നമ്പർ നൽകാവുന്നതാണ്.

(ബി) മുനിസിപ്പാലിറ്റിയും പഞ്ചായത്തും കോസ്റ്റൽ സോൺ റഗുലേഷൻ പ്രകാരം വ്യത്യസ്ത മേഖലകളിലാണ്. കോസ്റ്റൽ റഗുലേഷൻ കേന്ദ്ര ഗവൺമെന്റിന്റെ അധികാരപരിധിയിൽപ്പെട്ടതാകയാൽ കേന്ദ്രഗവൺമെന്റിനു മാത്രമേ ഇക്കാര്യം പുനഃപരിശോധിച്ച് എന്തെങ്കിലും തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

(സി) ഇക്കാര്യം വൈദ്യുതി ബോർഡും ബാങ്കുകളുമാണ് തീരുമാനിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly